
വായനക്കാരെ വിസ്മയപ്പെടുത്തികൊണ്ട് ലോക സാഹിത്യത്തിൽ അനശ്വരമായി നിലകൊള്ളുന്ന ഒരപൂർവ്വ സാഹിത്യകൃതിയാണ് ആലീസ് ഇൻ വണ്ടർലാന്റ്. ആഴമുള്ള ഒരു കുഴിയിലേക്ക് വീണുപോകുന്ന ആലീസ് എന്ന ബാലിക അതിനുള്ളിലെ ഒരദ്ഭുത ലോകത്തിൽ അകപ്പെടുന്നു. ഫ്രഞ്ചു സംസാരിക്കുന്ന ചുണ്ടെലിയും ഹുക്ക വലിക്കുന്ന ശലഭപ്പുഴുവിനെയുമൊക്കെ അവൾ അവിടെ കണ്ടുമുട്ടുന്നു. ലൂയിസ് കരോൾ 1865 – ൽ തികച്ചും സ്വപ്നാന്തരീക്ഷത്തിൽ രചിച്ച ഈ കൃതി ഒരേ നേരം കുട്ടികളെയും മുതിർന്നവരെയും ഫാന്റസിയിലൂടെ രസിപ്പിക്കുന്നു.

# ആലീസിന്റെ അത്ഭുതലോകം



ഫാന്റസി നിറഞ്ഞ കഥകൾ എല്ലാവർക്കും ഇഷ്ടമാണ്. കുട്ടികളും മുതിർന്നവരുമുൾപ്പെടെ ഇത്തരം കഥകളുടെ ആരാധകരാണ്. നിരവധി ഫാന്റസി കഥകൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അതിലേറ്റവും പ്രശസ്തം ലൂയി കാരൾ എഴുതിയ ആലീസിന്റെ അദ്ഭുത

▶▶ ഏറ്റവും ആഴം കൂടിയ തടാകം- ബെയ്ക്കൽ (ഏഷ്യ)




ലോകം തന്നെ. ആലീസ് എന്ന പെൺകുട്ടി ഒരിക്കൽ ഒരു സ്വപ്നം കണ്ടു. തികച്ചും വിഭ്രമാത്മകമായ ഒരു ലോകത്ത് അവൾ എത്തിപ്പെടുന്ന ഒരു സ്വപ്നം. അത്യന്തം അദ്ഭുതകരമായ അനുഭവങ്ങളിൽ കൂടി അവൾ കടന്നു പോകുന്നു.

സംസാരിക്കുന്ന ഒരു മുയലിനെ കൂട്ടു കിട്ടുക. കുപ്പിയിൽ വച്ച മരുന്നു കുടിക്കുമ്പോൾ ചെറുതാവുക, കേക്കു കഴിക്കുമ്പോൾ വലുതാവുക ഇങ്ങനെ ഇങ്ങനെ നിരവധി വിചിത്രങ്ങളായ അനുഭവങ്ങളാണ് ആലീസ് അവിടെ അനുഭവിക്കുന്നത്. സ്വപ്നത്തിൽ നിന്ന് ഉണരുന്നതോടെ ഈ അദ്ഭുത ലോകത്തു നിന്നും ആലീസ് തിരിച്ചെത്തുകയും ചെയ്യുന്നു.

ഇനി ഈ അദ്ഭുത കഥയുടെ സൃഷ്ടാവിനെ കൂട്ടുകാർക്ക് പരിചയപ്പെടേണ്ടേ,

ചാൾസ് ലുഡ്‌വിഡ്ജ് ഡോഡ്ജൺ എന്നാണ് ഇദ്ദേഹത്തിന്റ ശരിക്കുള്ള പേരെങ്കിലും ലൂയി കരോൾ എന്ന തൂലികാ നാമത്തിലാണ് പുസ്തകങ്ങൾ എഴുതിയത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്ര പ്രഫസർ ആയിരുന്നു ഈ എഴുത്തുകാരൻ.



ഈ കൃതി കൂടാതെ 'ത്രോ ദി ലുക്കിങ്ങ് ഗ്ലാസ്' എന്ന ഒരു നോവൽ കൂടി ഇദ്ദേഹം എഴുതിയിട്ടുണ്ട്. 1865 -ലാണ് ആലീസ് ഇൻ വണ്ടർലാന്റ് പ്രസിദ്ധീകൃതമായത്. ജോൺ ടെന്നീൽ (John Tenniel) ആയിരുന്നു അതിൽ രേഖാചിത്രങ്ങൾ വരച്ചത്. മാക് മില്ലൻ കമ്പനിയാണ് ഇത് പ്രസിദ്ധീകരിച്ചത്. ഒരു വർഷത്തിനകം ന്യൂയോർക്ക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരണം ഏറ്റെടുക്കുകയും തുടർന്ന് ചൂടപ്പം പോലെ കോപ്പികൾ വിറ്റഴിയുകയും ചെയ്തു.

കുട്ടികളും മുതിർന്നവരുമൊക്കെ ഈ കൃതിയുടെ ആസ്വാദകരായി. വിക്ടോറിയ രാജ്ഞി മുതൽ പ്രസിദ്ധ ആംഗലേയ സാഹിത്യകാരൻ ഓസ്കാർ വൈൽഡു വരെ

▶▶ ഏറ്റവും വലിയ കൃത്രിമ തടാകം- മിഡ് തടാകം

ഈ ആസ്വാദക വൃന്ദത്തിൽപ്പെട്ട തായി രേഖപ്പെടു ത്തിയിട്ടുണ്ട്. ഈ പുസ്തകം 97 ഭാ ഷകളിലായി ദശല ക്ഷം കോപ്പികൾ ലോകത്തെങ്ങും ഇറങ്ങുകയും ത ലമുറകൾതോറും വായനയുടെ രസം പകർന്നു നൽകുക യും ചെയ്തു.



*ചാൾസ് ലുഡ് വിഡ്ജ് ഡോഡ്ജൺ (ലൂയിസ് കരോൾ)*

1865- ലാണ് ആലീസ് ഇൻ വ ണ്ടർലാന്റ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഒരിക്കൽ യാദൃശ്ചികമായി സംസാ രിക്കുന്ന ഒരു മുയലിനെ കണ്ട ആ ലീസ് അതിന്റെ പിറകെ ഓടി ഒരു ആഴമുള്ള കുഴിയിലേക്ക് വീഴുന്നു. അവിടെ വെച്ചിരുന്ന ദ്രാവകം കു ടിച്ച് ചെറുതായ ആലീസ് ചെറിയ വാതിലിലൂടെ മറ്റൊരിടത്തെത്തി. അവിടെ വെച്ചിരുന്ന കേക്ക് കഴിച്ചു. അതോടെ അസാമാന്യ വലിപ്പം വെക്കുന്ന ആലീസ് വിഷമത്തിലാ വുകയാണ്. അവളുടെ കരച്ചിലിൽ വെള്ളപ്പൊക്കമുണ്ടാവുകയും തു ടർന്ന് കണ്ണുനീരിലൂടെ നീന്തിയെ ത്തിയ ആലീസ് സംസാരിക്കുന്ന ഒരു എലിയെ കണ്ടുമുട്ടുന്നു.

ആലീസ് തുടർന്ന് അദ്ഭുത ലോ കത്ത് യാത്രനടത്തുന്നു. തന്നെ വഴിതിരിച്ചു വിട്ട വെളുത്ത മുയലി നേയും അവൾ ഇതിനിടയിൽ കണ്ടു മുട്ടുന്നു. വളരെ മനോഹരമായൊരു ഭാഗം എന്നു പറയുന്നത് കൂണിന്റെ മുകളിൽ ഹുക്ക വലിച്ചുകൊണ്ടി രിക്കുന്ന ഒരു ശലഭപുഴുവിനെ ആ ലീസ് കാണുന്നതാണ്. പുഴു ഇരി ക്കുന്ന കൂണിന്റെ മറുവശത്തിന് ആൾക്കാരെ വ ലുതാക്കാനും ചെറുതാക്കാനും കഴിവുണ്ടെന്ന് പുഴു ആലീസി നെ അറിയിക്കു ന്നു.

നിരവധിപേരെ ആലീസ് പരി ചയപ്പെടുന്നു. ഈ നാട്ടിലെ രാജ്ഞി, തവള, ആമ തുടങ്ങി നിരവധിപേർ. കഥയുടെ അവസാനം രാജ്ഞി യുടെ ഭീഷണി നേരിടുമ്പോൾ ആ

## ആലീസ് ഇൻ വണ്ടർലാന്റ് സിനിമയായപ്പോൾ

'ആലീസ് ഇൻ വണ്ടർ ലാന്റ്' ടിം ബർട്ടൻ സം വിധാനം ചെയ്ത് സിനി മയാക്കി അവതരിപ്പിച്ചത് 2010-ലായിരുന്നു. വാൾ ട്ട് ഡിസ്നി പിക്ച്ചേഴ്സ് അവതരിപ്പിച്ച ഈ അർദ്ധ ആനിമേഷൻ സിനിമയിൽ ജോണി ഡെപ്പ്, ആനി ഹാത്തുവേ തുടങ്ങിയവ രാണ് പ്രധാന വേഷങ്ങൾ ചെയ്തത്. പ്രധാന കഥ

▶▶ ഏറ്റവും വലിയ മരുഭൂമി- സഹാറ

ലീസ് സ്വപ്നത്തിൽ നിന്ന് മടങ്ങി വരുകയാണ്. ചായകുടിക്കാൻ വിളിച്ചുണർത്തിയ സഹോദരിയെ ഒറ്റക്കാക്കി ആലീസ് വീണ്ടും തന്റെ സ്വപ്നങ്ങളെ താലോലിച്ചിരുന്നു. അവിടെ ഈ കഥ അവസാനിക്കുകയാണ്.

പ്രസിദ്ധീകരിക്കുന്നതിന് മൂന്ന് വർഷം മുമ്പുള്ള ഒരു യാദൃശ്ചിക സംഭവമാണ് ഈ നോവലിന് നിമിത്തമായത്. ചാൾസ് ലുഡ് വിഡ്ജ് ഡോഡ്ജണും ഏതാനും സുഹൃത്തുക്കളും കൂടി ലണ്ടനിലെ ഓക്സ്ഫോർഡിനരികിലുള്ള ഒരു പുഴയിൽ കൂടി ബോട്ട് സവാരി നടത്തുകയായിരുന്നു. അതിലൊരു സുഹൃത്തിന്റെ മൂന്ന് കുട്ടികളും ആ ബോട്ടിലുണ്ടായിരുന്നു. ലോറിന (13 വയസ്സ്) ആലീസ്(10 വയസ്സ്) എഡിത്ത് മേരി (8 വയസ്സ്) എന്നിവരായിരുന്നു അവർ. ഓക്സ്ഫോഡിനരികിലെ ഫോളി ബ്രിഡ്ജിൽ നിന്നും തൊട്ടടുത്തുള്ള 'ഹോസ്ബ്ലോ' ഗ്രാമത്തിലേക്കായിരുന്നു യാത്ര.

ഈ യാത്രയിൽ ആലീസ് എന്നു പേരായ കുട്ടിയുടെ സാഹസികതകൾ ഡോഡ്ജൺ ഒരു കഥപോലെ പറഞ്ഞ് അവരെ രസിപ്പിച്ചു. ഈ കഥ കേട്ട ആലീസ് തനിക്കു



യിൽ വലിയ മാറ്റങ്ങൾ വരുത്താതെ ആവശ്യമായ ഭേദഗതികളോടെയാണ് നോവൽ സിനിമയായി രംഗത്ത് അവതരിപ്പിച്ചത്.

ജീവനുള്ള അഭിനേതാക്കൾക്കൊപ്പം ഈ സിനിമയിൽ ആനിമേറ്റഡ് കഥാപാത്രങ്ങളുമുണ്ട്. അതുമാത്രമല്ല ഏറ്റവും നല്ല സംവിധാനത്തിനും വസ്ത്രാലങ്കാരത്തിനുമുള്ള ഉന്നത പുരസ്കാരങ്ങൾ ഇതിനു ലഭിച്ചു. ഏറ്റവും കൂടുതൽ കളക്ഷൻ ലഭിച്ച ചിത്രങ്ങളിലൊന്നായ് ഈ സിനിമ പേരെടുക്കുകയും ചെയ്തു.

●

വേണ്ടി അത് പകർത്തിത്തരാൻ ഡോഡ്ജണോട് പറയുകയും വീണ്ടും പല ബോട്ടു സവാരിക്കിടയിലുള്ള കഥപറച്ചിലിലൂടെ വിശദമായ രൂപം കൈവരികയുമായിരുന്നു. 1864 നവംബർ 26ന് തന്റെ രേഖാചിത്രങ്ങളോടെ ഡോഡ്ജൺ ഇതിന്റെ കയ്യെഴുത്തു കോപ്പി എഴുതി തീർത്തു. എന്നാൽ 1865–ൽ പ്രസിദ്ധീകരിക്കുമ്പോൾ രേഖാചിത്രങ്ങൾ വരക്കാൻ ജോൺ ടെനീലിനെ ഏൽപ്പിക്കുകയാണ് ഉണ്ടായത്.

ഈ കൃതി വെളിച്ചം കണ്ടതിൽ നാം ഏറ്റവും കൂടുതൽ നന്ദിയുള്ളവരാകേണ്ടത് ഹെൻറി കിങ് സിലി എന്ന എഴുത്തുകാരനോടാണ്. യാദൃശ്ചികമായി കണ്ട കയ്യെഴുത്തു പ്രതി അദ്ദേഹത്തിന്റെ നിർബന്ധത്തിലൂടെയാണ് പ്രകാശിതമായത്. അദ്ദേഹത്തോടും ലൂയി കരളിനോടും നമുക്ക് നന്ദി പറയാം. പ്രായഭേദമന്യേ സമൂഹം ഇഷ്ടപ്പെടുന്ന ഒരു അസാധാരണ കഥ ഒരുക്കിത്തന്നതിന്.

ശ്രീ പാർവ്വതി